ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.09.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ഭാരതത്തിൻറെ പൈതൃകം വരും തലമുറക്ക് പകർന്നു നൽകാൻ ചരിത്രലിപികളിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said that India's heritage has been passed down to future generations through historical texts and manuscripts.

2. കേരള അർബൻ കോൺക്ലേവ് രാജ്യത്തെ മറ്റ് നഗരസഭകൾക്ക് വഴി കാട്ടിയും, നഗരനയ വികസനത്തിന് ഒരു നാഴികക്കല്ലുമാണെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ.

   Union Minister Manohar Lal Khattar said that the Kerala Urban Conclave will be a role model to other municipalities in the country and is a milestone in the development of urban policy.

3. അനധികൃത ഖനനവും അതുമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിന് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി ജി.കിഷൻ റെഡ്ഡി.

   Union Minister G. Kishan Reddy said that innovative technology will be utilized to reduce illegal mining and the deaths caused by it.

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാകും.

The 14th session of the 15th Kerala Legislative Assembly will begin on Monday.

5. രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സ്ത്രീകൾക്കായി പ്രത്യേക വെൽനസ് ക്ലിനിക് ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്.

Minister Veena George said that for the first time in the country, a special wellness clinic for women will start functioning in all public health centers in Kerala.

6. ഹോങ്കോംഗ് ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യസെൻ സെമിയിൽ.

India's Lakshya Sen enters the semifinals of the Hong Kong Open badminton men's singles.

☸☸☸☸☸☸☸☸☸☸☸☸☸

## GYAN BHARATH - PM (INTRO)

വരും തലമുറക്ക് വിജ്ഞാനവും ഭാരതത്തിൻറെ പൈതൃകവും പകർന്നു നൽകുന്നതിനായി പൂർവ്വികരുടെ ആഴത്തിലുള്ള നിഷ്ഠ സഹായകമായ തായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിനായുള്ള അവരുടെ സമർപ്പണമാണ് ചരിത്രലിപികളുടെ അവശേഷിക്കുന്ന ശേഖരത്തിലൂടെ വ്യക്തമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടക്കുന്ന ജ്ഞാനഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(VOICE)

കൈയെഴുത്തുപ്രതികളുടെ ഡിജിറ്റൽവത്ക്കരണം, സംരക്ഷണം ഉൾപ്പെടെ ത്വരിതപ്പെടുത്തുന്നതിനുള്ള ജ്ഞാനഭാരതം പോർട്ടലിന്റെ ഉദ്ഘാടനവും അദ്ദേഹം ചടങ്ങിൽ നിർവഹിച്ചു. "കൈയെഴുത്തുപ്രതിയിലൂടെ ഇന്ത്യയുടെ വിജ്ഞാന പൈതൃകം വീണ്ടെടുക്കൽ" എന്ന പ്രമേയത്തിൽ ഇന്നലെയാണ് മൂന്ന് ദിവസത്തെ സമ്മേളനം ആരംഭിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸

## VP-SWORN IN

ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സ്ഥാനമേറ്റ സി.പി. രാധാകൃഷ്ണന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ അറിയിച്ചു. രാഷ്ട്രനിർമ്മാണത്തിനും സാമൂഹിക സേവനത്തിനു മായി ജീവിതം സമർപ്പിച്ച വ്യക്തിയാണ് സി.പി. രാധാകൃഷ്ണനെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. പാർലമെൻറ് മന്ദിരത്തിലെ പ്രേരണ സ്ഥലിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ഉൾപ്പെടെയുള്ള മഹാന്മാരുടെ പ്രതിമകളിൽ ശ്രീ സി.പി. രാധാകൃഷ്ണൻ ഇന്ന് പുഷ്പാർച്ചന നടത്തി. പാർലമെന്റ് സമുച്ചയത്തിൽ അദ്ദേഹം വൃക്ഷതൈയും നട്ടു.

☸☸☸☸☸☸☸☸☸☸☸☸☸

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുതൽ ഈ മാസം 15 വരെ മിസോറാം, മണിപ്പൂർ, അസം, പശ്ചിമ ബംഗാൾ, ബീഹാർ എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കും. മിസോറാം സന്ദർശന വേളയിൽ പ്രധാനമന്ത്രി 9,000 കോടിയിലധികം രൂപയുടെ  വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിടുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്യും.  മണിപ്പൂരിൽ 8500 കോടിയിലധികം രൂപയുടെ  വിവിധ വികസന പദ്ധതികളും അദ്ദേഹം നാടിന് സമർപ്പിക്കും. തുടർന്ന് അസമിലെത്തുന്ന പ്രധാനമന്ത്രി തലസ്ഥാന നഗരമായ ഗുവാഹത്തിയിൽ ഡോ. ഭൂപൻ ഹസാരികയുടെ 100-ാം ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കും. സന്ദർശനത്തിൻറെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി, പശ്ചിമ ബംഗാൾ തലസ്ഥാനമായ കൊൽക്കത്തയിൽ 16-ാമത് കമ്പൈൻഡ് കമാൻഡേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. തുടർന്ന് ബീഹാറിൽ പൂർണിയ വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ കെട്ടിടവും ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## PM NORTH EAST

വടക്കുകിഴക്കൻ മേഖല രാജ്യത്തിൻറെ മുൻനിരയിലേക്ക് ഉയർന്ന് വരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബൈരാബി-സൈരംഗ് റെയിൽവേ പാതയുടെ ഉദ്ഘാടനം ചരിത്രപരമായ ഒരു നാഴിക്കല്ലെന്ന് വിശദീകരിക്കുന്ന കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിൻറെ ലേഖനം ഉദ്ധരിച്ച് സമൂഹ

മാധ്യമത്തിൽ പങ്കിട്ട കുറിപ്പിലായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. വടക്കുകിഴക്കൻ മേഖല ഇനി പുരോഗതിക്കായി കാത്തിരിക്കുന്ന ഒരു അതിർത്തിയല്ല, മറിച്ച് ഇന്ത്യയുടെ വളർച്ചയുടെ കേന്ദ്രബിന്ദുവാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

## MANSOOKH MANDAVYA (INTRO)

രാജ്യത്തെ എല്ലാ തെരുവുകളിലും ഓരോ കായികവേദി ഉണ്ടാകണമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ നടന്ന കായിക ഉച്ച കോടി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കായിക വിനോദ ങ്ങളെ ജനകീയ പ്രസ്ഥാനങ്ങളാക്കി മാറ്റണമെന്നും കായിക സംസ്കാരം വളർത്തിയെടുക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

(വോയിസ്)

## URBAN CONCLAVE

കേരള അർബൻ കോൺക്ലേവ് രാജ്യത്തെ മറ്റ് നഗരസഭകൾക്ക് വഴി കാട്ടിയും, നഗരനയ വികസനത്തിന് ഒരു നാഴികക്കല്ലുമാണെന്ന് കേന്ദ്ര മന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. കൊച്ചിയിൽ, കേരള അർബൻ കോൺക്ലേവ് 2025 ന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിപുലമായ ഈ ഉദ്യമ ത്തിന് മുൻകൈയെടുത്ത മുഖ്യമന്ത്രിയെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. കേരള ത്തിലെ നഗരവളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് കോൺക്ലേവ് ഉദ്ഘാടനം ചെയ്ത് കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

## CONSUMER PRICE INDEX -inflation

2025 ഓഗസ്റ്റ് മാസത്തെ ഗ്രാമീണ, നഗര തലങ്ങളിലെ സംയോജിത ഉപഭോക്തൃ വില സൂചിക അനുസരിച്ച് രാജ്യത്തെ പണപ്പെരുപ്പം 2.07 ശതമാനത്തിൽ. ഇത് RBI യുടെ ലക്ഷ്യ പണപ്പെരുപ്പ നിരക്കിനുള്ളിൽ നിന്നതായി കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 2025 ജൂലൈ മാസത്തെ

അപേക്ഷിച്ച് 2025 ഓഗസ്റ്റ് മാസത്തെ പ്രധാന പണപ്പെരുപ്പത്തിൽ 46 ബേസിസ് പോയിന്റുകളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

## NEPAL - MALAYALI

നേപ്പാൾ അതിർത്തിയിൽ കുടുങ്ങിയ മലയാളി തീർത്ഥാടകരിലെ 15 പേരുടെ സംഘം കേരളത്തിൽ തിരിച്ചെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. നേപ്പാളിൽ യുവജന പ്രക്ഷോഭത്തെത്തുടർന്ന് ചൈന അതിർത്തി അടച്ചതുമൂലം 3000-ൽ പരം മാനസ സരോവർ യാത്രികരാണ് ഡാർചൻ മേഖലയിൽ കുടുങ്ങിയത്. എല്ലാ യാത്രികരും നിലവിൽ നേപ്പാളിലെ സിമി കോട്ടിലാണുള്ളത്. ഇവിടെ നിന്ന് 250-ഓളം പേരെ എയർലിഫ്റ്റ് ചെയ്തു.

## ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ നീളുന്ന സമ്മേളന കാല യളവിൽ 12 ദിവസമാണ് സഭ ചേരുക.

## VEENA GEORGE

രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങ ളിലും സ്ത്രീകൾക്കായി പ്രത്യേക വെൽനസ് ക്ലിനിക് ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ചൊവ്വാഴ്ചകളിൽ നടക്കുന്ന ക്ലിനിക്കുകളിലൂടെ വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിംഗ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടെത്താൻ സാധിക്കും. പദ്ധതിയുടെ ഉദ്ഘാടനം ഈ മാസം 16ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

## G.KISHAN REDDY (INTRO)

അനധികൃത ഖനനവും അതുമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിന് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി ജി.കിഷൻ റെഡ്ഢി. സ്വാശ്രയ ഇന്ത്യ കെട്ടിപ്പടുക്കുക എന്ന കൂട്ടായ ലക്ഷ്യത്തിൽ രാജ്യം മുന്നേറണമെന്നും അദ്ദേഹം പറഞ്ഞു. ആത്മനിർഭർ ഭാരത് ദർശനത്തെ ക്കുറിച്ച് ജാർഖണ്ഡിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

സെപ്റ്റംബർ 17 മുതൽ കോൾ ഇന്ത്യ ലിമിറ്റഡിന് കീഴിലുള്ള ജീവനക്കാ ർക്കും ഖനന തൊഴിലാളികൾക്കും മൂന്ന് ആനുകൂല്യങ്ങൾ നടപ്പിലാക്കു മെന്ന് കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു.

## PIB FACT CHECK- YOJANA

പ്രധാനമന്ത്രി മുദ്ര യോജനയുടെ അംഗീകാര ഉത്തരവ് എന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന കത്ത് വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. നിയമപരമായ ഇൻഷുറൻസ് തുകയായി 36,500 രൂപ അടച്ചാൽ പ്രധാനമന്ത്രി മുദ്ര യോജന പ്രകാരം 3 ലക്ഷം രൂപ വായ്പ അനുവദിക്കു മെന്ന് കത്തിൽ വാഗ്ദാനം ചെയ്യുന്നു. പ്രസ് ഇൻഫർമേഷൻ ബ്യൂറോ യുടെ വസ്തുതാ പരിശോധനാ യൂണിറ്റ് ഈ അവകാശവാദം വ്യാജമാ ണെന്ന് കണ്ടെത്തി.

## GST ROAD TRANSPORTATION AUTOMOBILE

ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ റോഡ് ഗതാഗതത്തിനും ഓട്ടോമൊബൈൽ മേഖലയ്ക്കും വൻ ഉണർവ് ലഭിക്കുമെന്ന് കേന്ദ്രം. താങ്ങാനാവുന്ന വിലയ്ക്ക് വാഹനങ്ങൾ ലഭ്യമാക്കുന്നതിനും, ചരക്കു നീക്കം വർദ്ധിപ്പിക്കുന്നതിനും, പരിഷ്കരണം സഹായകമാകും. വിതരണ ശൃംഖലയിൽ MSME-കളെ ശക്തിപ്പെടുത്തുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കാര്യക്ഷമമായ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും ഇത് സഹായിക്കും.

## BADMINTON

ഹോങ്കോംഗ് ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യസെൻ സെമിയിൽ. ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടിയെ പരാജയപ്പെടുത്തിയാണ് ലക്ഷ്യസെൻ സെമിയിലെത്തിയത്. പുരുഷ ഡബിൾസിൽ സാത്വിക് സായ് രാജ് - ചിരാഗ് ഷെട്ടി സഖ്യം മലേഷ്യൻ താരങ്ങളെ പരാജയപ്പെടുത്തി സെമിയിൽ പ്രവേശിച്ചു.

## CRICKET-ASIA CUP

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് ഒമാനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്ത്യയും പാകിസ്ഥാനുമായുള്ള മത്സരം മറ്റന്നാളാണ്.

## VEENAGEORGE - AMOEBIC

അമീബിക് മസ്തിഷ്ക ജ്വരം നേരത്തെ കണ്ടുപിടിക്കുന്നതിലൂടെ മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ കേരളത്തിന് സാധിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മസ്തിഷ്ക ജ്വരം ബാധിക്കുന്നവരിൽ, അമീബിക് മസ്തിഷ്ക ജ്വരത്തിൻറെ പരിശോധനകൾ കൂടി നടത്തുന്നതിലൂടെ പലരേയും രക്ഷിക്കാനായെന്നും മന്ത്രി പറഞ്ഞു.